23.11.2022

## പത്രക്കുറിപ്പ്

## സംസ്ഥാന നീരുറവ് പദ്ധതി പ്രഖ്യാപനം ഇന്ന് (24-11-2022 വ്യാഴാഴ്ച)

നീരുറവ് പദ്ധതി സംസ്ഥാനതല പ്രഖ്യാപനവും പേരാവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ ജലാഞ്ജലി നീരുറവ്-സമഗ്ര നീർത്തട പദ്ധതിരേഖ പ്രകാശനവും ഇന്ന് (24-11.2022 വ്യാഴാഴ്ച) വൈകുന്നേരം 4.30 ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് നിർവ്വഹിക്കും. പേരാവൂർ പുതിയ ബസ് സ്റ്റാൻഡ് പരിസരത്ത് നടക്കുന്ന ചടങ്ങിൽ അഡ്വ. സണ്ണി ജോസഫ് എം.എൽ.എ അധ്യക്ഷത വഹിക്കും. നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ മുഖ്യ പ്രഭാഷണം നടത്തും. തൊഴിലുറപ്പ് മിഷൻ ഡയറക്ടർ അനുകുമാരി ഐ.എ.എസ് റിപ്പോർട്ട് അവതരിപ്പിക്കും. തുടർന്ന് പദ്ധതി നടപ്പിലാക്കുന്ന ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകളെ കെ.കെ. ശൈലജ ടീച്ചർ എം.എൽ.എ ആദരിക്കും. കെ. സുധാകരൻ എം.പി ബ്രോഷർ പ്രകാശനവും, ഡോ. വി ശിവദാസൻ എം.പി ജലബാലോത്സവം സർട്ടിഫിക്കറ്റ് വിതരണവും നിർവ്വഹിക്കും. കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി. ദിവ്യ പദ്ധതിരേഖ ഏറ്റുവാങ്ങും. ജില്ലാ കളക്ടർ എസ്. ചന്ദ്രശേഖർ നീരുറവ്- തീം സോങ്ങ് പ്രകാശനം ചെയ്യും. CWRDM എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. മനോജ് പി. സാമുവൽ നീർത്തട ഭൂപടങ്ങളുടെ പ്രകാശനം നിർവ്വഹിക്കും. കില ഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമൺ പ്രദർശനം ഉദ്ഘാടനം ചെയ്യും. പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. സുധാകരൻ സ്വാഗതവും തൊഴിലുറപ്പ് ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ പി. സുരേന്ദ്രൻ നന്ദിയും പറയും.

വിവിധ വകുപ്പുകൾക്ക് കീഴിലുള്ള നീർത്തടാധിഷ്ഠിത പദ്ധതികളെ സംയോജിപ്പിച്ച് ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ 'നീരുറവ്' എന്ന പേരിൽ ഒറ്റ പദ്ധതിയാക്കുക യാണ്. നവകേരളം കർമപദ്ധതിയിൽ ഹരിതകേരള മിഷനും തൊഴിലുറപ്പ് പദ്ധതിയും തദ്ദേശ സ്ഥാപനങ്ങളും സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുക. നീർത്തടാധിഷ്ഠിത വികസനത്തിനുള്ള ജനകീയ കർമ പദ്ധതിയാണ് നീരുറവ് എന്ന് നവകേരളം കർമ പദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ വ്യക്തമാക്കി. സൂക്ഷ്മ നീർത്തടങ്ങളും വൃഷ്ഠി പ്രദേശങ്ങളും കേന്ദ്രീകരിച്ച് മണ്ണ് ജലസംരക്ഷണം, മൃഗസംരക്ഷണം, ക്ഷീരവികസനം, സാമൂഹ്യവനവത്കരണം, കാർഷിക അനുബന്ധ വ്യവസായ വികസനം, സാമൂഹ്യക്ഷേമം തുടങ്ങിയ വികസന പദ്ധതികൾ നടപ്പാക്കുമെന്നും ടി.എൻ. സീമ അറിയിച്ചു.

**പബ്ലിക് റിലേഷൻസ് ഓഫീസർ**
**9447587632**

ബി.എസ്.എൻ.എൽ. ഭവൻ, മൂന്നാം നില, ഉപ്പളംറോഡ്, സ്റ്റാച്യു, തിരുവനന്തപുരം 695001
ഫോൺ : 0471 2449939, ഇ-മെയിൽ : navakeralamgok@gmail.com